## 24) രക്ഷാപരിപാടി

### A. യിസ്റായേലിന്റെ രക്ഷ:—

അന്നു ശേഷിക്കുന്ന യിസ്റായേൽ എല്ലാവരും രക്ഷിക്കപ്പെടും. റോമ. 11:25—27:—

“സഹോദരന്മാരേ, നിങ്ങൾ ബുദ്ധിമാന്മാർ എന്നു നിങ്ങൾക്കു തന്നേ തോന്നാതിരിപ്പാൻ ഈ രഹസ്യം അറിയാതിരിക്കരുതു് എന്നു ഞാൻ ആഗ്രഹിക്കുന്നു; ജാതികളുടെ പൂർണ്ണസംഖ്യ ചേരുവോളം യിസ്രായേലിന്നു് അംശമായി കാഠിന്യം ഭവിച്ചിരിക്കുന്നു. ഇങ്ങനെ യിസ്രായേൽ മുഴുവനും രക്ഷിക്കപ്പെടും......”.

രക്ഷിക്കപ്പെടുന്നവിധം എങ്ങനെയെന്നു സെഖ. 12:10–14 വരെ കാണുന്നു. അവർ കർത്താവിനെ കണ്ടു വിശ്വസിച്ചു മാനസാന്തരപ്പെട്ടു വിലപിച്ചു് ആത്മാവുപ്രാപിച്ചു രക്ഷിക്കപ്പെടും. യെഹെ. 36:27; യെശ. 32:15; 44:3; യോവേ. 2:28–32; യെശ. 4:3, 4; 60:21 ഇവയും നോക്കുക.

സെഖ. 13:1–ൽ “അന്നാളിൽ ദാവീദ്ഗൃഹത്തിന്നും യെരൂശലേംനിവാസികൾക്കും പാപത്തിന്റെയും മാലിന്യത്തിന്റെയും പരിഹാരത്തിന്നായി ഒരു ഉറവു തുറന്നിരിക്കും” എന്നു പറയുന്നതിനാൽ ആ ഉറവു നിലനിൽക്കും എന്നു കാണുന്നു. സഹസ്രാബ്ദംമുഴുവനിലും ജനിക്കുന്ന യിസ്രായേൽ മുഴുവനും രക്ഷിക്കപ്പെട്ടുകൊണ്ടുതന്നേയിരിക്കും എന്നു നിശ്ചയിക്കാം. അങ്ങനെ ആ രക്ഷാപരിപാടി തുടർന്നുകൊണ്ടിരിക്കും.

### B. ജാതികളുടെ രക്ഷ

ജാതികളുടെ രക്ഷയെക്കുറിച്ചു വളരെ വിപുലമായി തിരുവെഴുത്തിൽ പറയുന്നു. ഒന്നാമത്തു് ജാതികളെ യെരൂശലേമിൽ കൂട്ടും എന്നു്. യെശ. 66:18, 19 നോക്കുക. ‘അവരിൽ രക്ഷിക്കപ്പെട്ട ചിലരെ’ എന്നു പറയുന്നു. അങ്ങനെ ജാതികൾ രക്ഷിക്കപ്പെടും എന്നു പറയുന്നുണ്ടു്. യെശ. 2:

2, 3; മീഖാ. 4:1, 2; സെ. 8:20–23 വരെ ഭാഗങ്ങൾ അതിനെക്കുറിച്ച് അറിവുതരുന്നുണ്ട്. ജാതികൾ സീയോനിലേയ്ക്ക് ഒഴുകിച്ചെല്ലും എന്നു പറഞ്ഞിട്ടുണ്ട്. കർത്താവിനെ നേരിട്ടു കണ്ടു ചോദിച്ചുപഠിച്ചു വിശ്വസിച്ചു രക്ഷിക്കപ്പെടും.

മിസ്രയീമ്യർ രക്ഷിക്കപ്പെടും എന്ന് യെശ. 19:19–25 വരെ വായിക്കുമ്പോൾ ഗ്രഹിക്കാം. അശ്ശൂര്യരെക്കുറിച്ചും അവിടത്തന്നെ പറയുന്നു. ഇങ്ങനെ പലരെക്കുറിച്ചും പറയുന്നുണ്ട്. ദ്വീപുവാസികൾ അതതു സ്ഥലത്തുനിന്നു യഹോവയെ നമസ്ക്കരിക്കും എന്നു പറയുന്നു. സെഫ. 2:11. 'മനുഷ്യർ' എന്നു ജാതികളെയെല്ലാം ഉള്ളടക്കികൊണ്ട് യെശ. 17:7, 8–ൽ പറയുന്നു. പല ജാതികളും യഹോവയോടുചേരും എന്നു സെഖ. 2:11–ലും പറയുന്നു. ഇവയെല്ലാംകൂട്ടി പഠിക്കുമ്പോൾ സഹസ്രാബ്ദാവസാനത്തിൽ രക്ഷിക്കപ്പെട്ടവർ ബഹുഭൂരിഭാഗവും രക്ഷിക്കപ്പെടാത്തവർ ചെറിയ ന്യൂനപക്ഷവുമായിരിക്കും എന്നു കാണാം.

## 25) ആത്മപ്പകർച്ച

ഈവിധം രക്ഷിതഗണം വരികയാൽ ആത്മപ്പകർച്ച അതിനുതക്കവിധം സാർവ്വത്രികമായിരിക്കും. "സകല ജഡത്തിന്മേലും എന്റെ ആത്മാവിനെ പകരും" എന്ന വാഗ്ദത്തം യിസ്രായേലിന്മേലും ജാതികളുടെമേലുമായി പകരുന്നതുനിമിത്തം നിറവേറും. യെഹെ. 36:27; യെശ. 32:15 ഇവയിലും ഇക്കാര്യം പറയുന്നുണ്ട്. അങ്ങനെ അന്നും ആത്മപ്പകർച്ചയാൽതന്നെ രക്ഷിക്കപ്പെടും. പക്ഷേ, ആത്മസ്നാനം അന്നുള്ളതായി സൂചനപോലുമില്ല.

## 26) മനുഷ്യരുടെ ശരീരസ്ഥിതി

അന്നത്തെ മനുഷ്യരുടെ ശരീരസ്ഥിതി മുൻവിവരിച്ചതുപോലെ ഇന്നുള്ളതിനെക്കാൾ അരോഗ്യമുള്ളതായി

ക്കും. എങ്കിലും തേജസ്കരിക്കപ്പെടാത്ത മാനുഷശരീരമായിരിക്കും, ആകയാൽ പാപശക്തി അതിലുണ്ട്. രക്ഷിക്കപ്പെടുന്നവരിലുമുണ്ട്. ജനനേന്ദ്രിയങ്ങൾ പ്രവർത്തിക്കുന്നവയായിരിക്കും. മരിക്കുവാൻ കഴിയുന്ന സ്ഥിതിയിലുമായിരിക്കും. പുതിയ ഭൂമിയിൽ ചെല്ലുമ്പോഴേ മരണം നീക്കപ്പെടുകയുള്ളു (1 കൊരി. 15:26; വെളി. 21:5).

## 27) പലസ്തീൻനാട്

പലസ്തീൻനാട്ടിൽ പ്രകൃതിപരമായി വളരെ മാററങ്ങൾ വരും. ഭൂകമ്പങ്ങൾ മുഖാന്തരമായി സെഖ. 14: 4–11 വരെ വാക്യങ്ങളിൽ പറയപ്പെടുന്ന മാററങ്ങൾ ഉണ്ടാകും. സീയോൻമല ഏററവും ഉന്നതമായിത്തീരും.

## 28) ജീവജലനദി

യെഹെ. 47:1–12 വരെ വർണ്ണിക്കപ്പെടുന്നതുപോലെ, ദൈവാലയത്തിൻെറ ഉമ്മരപ്പടിക്കു കീഴിൽനിന്നും ഒരു ഉറവു പുറപ്പെട്ടു കിഴക്കോട്ടു തെക്കുവശമായി ഒഴുക്കിയിട്ടു അതു രണ്ടു ശാഖയായി പിരിഞ്ഞു് ഒരു പിരിവു ചാവുകടലിലും മറെറകൈവഴി മെഡിററേനിയൻ കടലിലും പതിക്കും. സെഖ. 14:8; യോവേ. 3:18. യഹൂദയിലെ എല്ലാ തോടുകളും വെള്ളം ഒഴുകുന്നവയായിരിക്കും എന്നും അവിടെ കാണുന്നു.

## 29) ചാവുകടൽ പഥ്യമാകും

സോദോം, ഗൊമോറാ, അദ്മ, സെബോയീം പട്ടണങ്ങൾ നശിച്ച താണു് ഉപ്പും ഗന്ധകവുമായിക്കിടക്കുന്ന ചാവുകടലിൻെറ സ്ഥിതി ജീവജലം വീഴുന്നതുനിമിത്തം പഥ്യമായ്‌വരും. ഇന്നു് അതിലെ വെള്ളത്തിൻെറ മുകൾനിരപ്പ് മെഡിററേനിയൻ സമുദ്രനിരപ്പിൽനിന്നും 1290 അടി താഴെ കിടക്കുകയാണ്. അതിലെ വെള്ളത്തിൻെറ

2, 3; മീഖാ. 4:1, 2; സെ. 8:20–23 വരെ ഭാഗങ്ങൾ അതിനെക്കുറിച്ച് അറിവുതരുന്നുണ്ട്. ജാതികൾ സീയോനിലേയ്ക്ക് ഒഴുകിച്ചെല്ലും എന്നു പറഞ്ഞിട്ടുണ്ട്. കർത്താവിനെ നേരിട്ടു കണ്ടു ചോദിച്ചുപഠിച്ചു വിശ്വസിച്ചു രക്ഷിക്കപ്പെടും.

മിസ്രയീമ്യർ രക്ഷിക്കപ്പെടും എന്ന് യെശ. 19:19–25 വരെ വായിക്കുമ്പോൾ ഗ്രഹിക്കാം. അശ്ശൂര്യരെക്കുറിച്ചും അവിടത്തന്നെ പറയുന്നു. ഇങ്ങനെ പലരെക്കുറിച്ചും പറയുന്നുണ്ട്. ദ്വീപുവാസികൾ അതതു സ്ഥലത്തുനിന്നു യഹോവയെ നമസ്കരിക്കും എന്നു പറയുന്നു. സെഫ. 2:11. 'മനുഷ്യർ' എന്നു ജാതികളെയെല്ലാം ഉള്ളടക്കിക്കൊണ്ട് യെശ. 17:7, 8–ൽ പറയുന്നു. പല ജാതികളും യഹോവയോടുചേരും എന്നു സെഖ. 2:11–ലും പറയുന്നു. ഇവയെല്ലാംകൂട്ടി പഠിക്കുമ്പോൾ സഹസ്രാബ്ദാവസാനത്തിൽ രക്ഷിക്കപ്പെട്ടവർ ബഹുഭൂരിഭാഗവും രക്ഷിക്കപ്പെടാത്തവർ ചെറിയ ന്യൂനപക്ഷവുമായിരിക്കും എന്നു കാണാം.

## 25) ആത്മപ്പകർച്ച

ഈവിധം രക്ഷിതഗണം വരികയാൽ ആത്മപ്പകർച്ച അതിനുതക്കവിധം സാർവ്വത്രികമായിരിക്കും. "സകല ജഡത്തിന്മേലും എന്റെ ആത്മാവിനെ പകരും" എന്ന വാഗ്ദത്തം യിസ്രായേലിന്മേലും ജാതികളുടെമേലുമായി പകരുന്നതുനിമിത്തം നിറവേറും. യെഹെ. 36:27; യെശ. 32:15 ഇവയിലും ഇക്കാര്യം പറയുന്നുണ്ട്. അങ്ങനെ അന്നും ആത്മപ്പകർച്ചയാൽതന്നെ രക്ഷിക്കപ്പെടും. പക്ഷേ, ആത്മസ്നാനം അന്നുള്ളതായി സൂചനപോലുമില്ല.

## 26) മനുഷ്യരുടെ ശരീരസ്ഥിതി

അന്നത്തെ മനുഷ്യരുടെ ശരീരസ്ഥിതി മുൻവിവരിച്ചതുപോലെ ഇന്നുള്ളതിനെക്കാൾ ആരോഗ്യമുള്ളതായിരി

കം. എങ്കിലും തേജസ്കരിക്കപ്പെടാത്ത മാനുഷശരീരമായിരിക്കും, ആകയാൽ പാപശക്തി അതിലുണ്ടു്, രക്ഷിക്കപ്പെടുന്നവരിലുമുണ്ടു്. ജനനേന്ദ്രിയങ്ങൾ പ്രവർത്തിക്കുന്നവയായിരിക്കും. മരിക്കുവാൻ കഴിയുന്ന സ്ഥിതിയിലുമായിരിക്കും. പുതിയ ഭൂമിയിൽ ചെല്ലുമ്പോഴേ മരണം നീക്കപ്പെടുകയുള്ളു (1 കൊരി. 15:26; വെളി. 21:5).

## 27) പലസ്തീൻനാടു്

പലസ്തീൻനാട്ടിൽ പ്രകൃതിപരമായി വളരെ മാററങ്ങൾ വരും. ഭൂകമ്പങ്ങൾ മുഖാന്തരമായി സെഖ. 14: 4–11 വരെ വാക്യങ്ങളിൽ പറയപ്പെടുന്ന മാററങ്ങൾ ഉണ്ടാകും. സീയോൻമല ഏററവും ഉന്നതമായിത്തീരും.

## 28) ജീവജലനദി

യെഹെ. 47:1–12 വരെ വർണ്ണിക്കപ്പെടുന്നതുപോലെ, ദൈവാലയത്തിന്റെ ഉമ്മരപ്പടിക്കു കീഴിൽനിന്നും ഒരു ഉറവു പുറപ്പെട്ടു കിഴക്കോട്ടു് തെക്കുവശമായി ഒഴുകിയിട്ടു് അതു രണ്ടു ശാഖയായി പിരിഞ്ഞു് ഒരു പിരിവു ചാവുകടലിലും മറെറക്കൈവഴി മെഡിററേനിയൻ കടലിലും പതിക്കും. സെഖ. 14:8; യോവേ. 3:18. യഹൂദയിലെ എല്ലാ തോടുകളും വെള്ളം ഒഴുകുന്നവയായിരിക്കും എന്നും അവിടെ കാണുന്നു.

## 29) ചാവുകടൽ പഥ്യമാകും

സോദോം, ഗൊമോറാ, അദ്മ, സെബോയീം പട്ടണങ്ങൾ നശിച്ചതാണു് ഉപ്പും ഗന്ധകവുമായിക്കിടക്കുന്ന ചാവുകടലിന്റെ സ്ഥിതി ജീവജലം വീഴുന്നതുനിമിത്തം പഥ്യമായ്‌വരും. ഇന്നു് അതിലെ വെള്ളത്തിന്റെ മുകൾനിരപ്പു് മെഡിററേനിയൻ സമുദ്രനിരപ്പിൽനിന്നും 1290 അടി താഴെ കിടക്കുകയാണു്. അതിലെ വെള്ളത്തിന്റെ

ക്കം. എങ്കിലും തേജസ്ക്കരിക്കപ്പെടാത്ത മാനുഷശരീരമായിരിക്കും, ആകയാൽ പാപശക്തി അതിലുണ്ട്, രക്ഷിക്കപ്പെടുന്നവരിലുമുണ്ട്. ജനനേന്ദ്രിയങ്ങൾ പ്രവർത്തിക്കുന്നവയായിരിക്കും. മരിക്കുവാൻ കഴിയുന്ന സ്ഥിതിയിലുമായിരിക്കും. പുതിയ ഭൂമിയിൽ ചെല്ലുമ്പോഴേ മരണം നീക്കപ്പെടുകയുള്ളു (1 കൊരി. 15:26; വെളി. 21:5).

## 27) പലസ്തീൻനാട്

പലസ്തീൻനാട്ടിൽ പ്രകൃതിപരമായി വളരെ മാററങ്ങൾ വരും. ഭൂകമ്പങ്ങൾ മുഖാന്തരമായി സെഖ. 14: 4–11 വരെ വാക്യങ്ങളിൽ പറയപ്പെടുന്ന മാററങ്ങൾ ഉണ്ടാകും. സീയോൻമല ഏററവും ഉന്നതമായിത്തീരും.

## 28) ജീവജലനദി

യെഹെ. 47:1–12 വരെ വർണ്ണിക്കപ്പെടുന്നതുപോലെ, ദൈവാലയത്തിൻെറ ഉമ്മരപ്പടിക്കു കീഴിൽനിന്നും ഒരു ഉറവു പുറപ്പെട്ടു കിഴക്കോട്ട് തെക്കുവശമായി ഒഴുകിയിട്ട് അതു രണ്ടു ശാഖയായി പിരിഞ്ഞു് ഒരു പിരിവു ചാവുകടലിലും മറെറകൈവഴി മെഡിററേനിയൻ കടലിലും പതിക്കും. സെഖ. 14:8; യോവേ. 3:18. യഹൂദയിലെ എല്ലാ തോടുകളും വെള്ളം ഒഴുകുന്നവയായിരിക്കും എന്നും അവിടെ കാണുന്നു.

## 29) ചാവുകടൽ പഥ്യമാകും

സോദോം, ഗൊമോറാ, അദ്മ, സെബോയീം പട്ടണങ്ങൾ നശിച്ചതാണ് ഉപ്പും ഗന്ധകവുമായിക്കിടക്കുന്ന ചാവുകടലിൻെറ സ്ഥിതി ജീവജലം വീഴുന്നതുനിമിത്തം പഥ്യമായ്‌വരും. ഇന്ന് അതിലെ വെള്ളത്തിൻെറ മുകൾനിരപ്പ് മെഡിററേനിയൻ സമുദ്രനിരപ്പിൽനിന്നും 1290 അടി താഴെ കിടക്കുകയാണ്. അതിലെ വെള്ളത്തിൻെറ

ആപേക്ഷികസാന്ദ്രത 12.28 ആണ്. അതിന്ന ഗന്ധക കടൽ എന്നും പേരുണ്ട്. അതിൽ ഇന്ന ജീവജാലങ്ങൾ ഇല്ല. അന്നു ഈ സ്ഥിതി മാറി വെള്ളം പഥ്യമായിത്തീരും. അതിന്റെ എല്ലാ കരകളിലും മീൻപിടിക്കാർ നിന്ന വലവീശും. യെഹെ. 47:8–10. വിവിധജാതിയായി അസംഖ്യം മൽസ്യം ഉണ്ടായിരിക്കും. ഈ വിധമായി പലസ്തീൻനാട്ട് അനുഗ്രഹിക്കപ്പെട്ടിരിക്കും.

## 30) ജീവവൃക്ഷങ്ങൾ

ജീവവൃക്ഷം എന്ന പേരുപറഞ്ഞിട്ടില്ലെങ്കിലും ഫലത്തിൽ ജീവവൃക്ഷം എന്ന വിശേഷിപ്പിക്കത്തക്കവിധമുള്ള വൃക്ഷങ്ങൾ അവിടെ, ജീവനുള്ള വെള്ളമുള്ള നദിയുടെ ഇരുകരകളിലും ധാരാളം നിൽക്കും. യെഹെ. 47:7, 12:—

"......നദീതീരത്തു ഇക്കരെയും അക്കരെയും അനവധി വൃക്ഷം നിൽക്കുന്നതു കണ്ടു".

"നദീതീരത്തു ഇക്കരെയും അക്കരെയും തിന്മാൻതക്ക ഫലമുള്ള സകലവിധ വൃക്ഷങ്ങളും വളരും; അവയുടെ ഇല വാടുകയില്ല, ഫലം ഇല്ലാതെ പോകയുമില്ല; അതിലെ വെള്ളം വിശുദ്ധമന്ദിരത്തിൽനിന്നു ഒഴുകിവരുന്നതുകൊണ്ടു അവ മാസംതോറും പുതിയ ഫലം കായ്ക്കും; അവയുടെ ഫലം തിന്മാനും അവയുടെ ഇല ചികിത്സെക്കും ഉതകും".

ഈവിധം അനുഗ്രഹിക്കപ്പെട്ട വൃക്ഷങ്ങൾ ഉള്ളതു അന്നു ലോകമെങ്ങുമുള്ള വൃക്ഷലതാദികളുടെ ഫലപുഷ്ടിയെ കാണിക്കുകയും ചെയ്യുന്നു. ഇവയെല്ലാംകൂടെ ചിന്തിച്ചാൽ സഹസ്രാബ്ദഭൂമി മുഴുവൻ ആദാമ്യഏദെൻപോലെ മനോഹരവും അനുഗ്രഹസമ്പൂർണ്ണവുമായിരിക്കും. ഈവിധം ഭൂമിയെ യഥാസ്ഥാനപ്പെടുത്തുന്ന സർവ്വശക്തനും ഏകജ്ഞാനിയുമായ ദൈവത്തിന്നു ഇന്നുമെന്നേക്കും മഹത്വമുണ്ടാകുമാറാകട്ടെ!

# ആദ്യനൂററാണ്ടുകളിലെ സാക്ഷ്യം

'എൻസൈക്ലോപീഡിയാ അമേരിക്കാനാ'യുടെ 1959—ലെ പതിപ്പ് 19—ാം വാല്യം 116—ാം പുറം. "ആദ്യകാലത്തെ സഭയിൽ ഈ വിഷയത്തിൻെറ എല്ലാവശങ്ങളും പൊതുവായി അംഗീകരിക്കപ്പെട്ടിട്ടില്ലായിരുന്നുവെങ്കിലും, കുറഞ്ഞപക്ഷം വളരെ സാധാരണയായിരുന്ന ഉപദേശമായി അംഗീകരിക്കപ്പെട്ടിരുന്നു. ഈ ഉപദേശം സങ്കീ. 90:4—നെ ആധാരമാക്കി സ്ഥാപിക്കപ്പെട്ടതായിരുന്നു. മോശ തന്നിരിക്കുന്ന സൃഷ്ടിവിവരണ ബന്ധത്തിൽ ദൈവത്തിൻെറ കാഴ്ചയിൽ 1000 സംവത്സരങ്ങൾ ഒരുദിവസംപോലെമാത്രം ഇരിക്കുന്നു എന്നുള്ള പ്രസ്താവനയെ ആധാരമാക്കിയാണത്. ആറുദിവസത്തെ സൃഷ്ടിവിവരം 6000 കൊല്ലത്തെ പ്രയത്നങ്ങളെ കാണിക്കുമ്പോൾ തുടർന്നുള്ള ശബ്ബത്ത് ആയിരംകൊല്ലത്തെ വിശ്രമത്തെയും സന്തോഷത്തെയും കാണിക്കുന്നു.....വെളി. 20:1—6 വരെ ഭാഗങ്ങൾ സഹസ്രാബ്ദവാദികൾ പ്രത്യേകാൽ തങ്ങളുടെ ഉപദേശത്തിന്നാധാരമായി എടുത്തുകാണിച്ചു".

സഹസ്രാബ്ദോപദേശം യഹൂദക്രിസ്ത്യാനികളുടെയിടയിലാണു പ്രധാനമായി പ്രാബല്യംപ്രാപിച്ചിരുന്നത്. മശിഹാരാജൻെറകീഴിൽ അവർ മറെറല്ലാജാതികളെയും ഭരിക്കും എന്നുള്ള പ്രത്യാശ, മാനസാന്തരശേഷവും അവർ മനസ്സിൽവെച്ചുകൊണ്ടിരുന്നു. എബിയോന്യർ, നസറായർ, സെരിന്ത്യർ ഈ കൂട്ടർ മുഴുവൻ ഈ വിഷയവാദക്കാരായിരുന്നു. അവരും മൊണ്ടാനസ്സും അവൻെറ പേരിൻപ്രകാരം വിളിക്കപ്പെട്ട മൊണ്ടാന്യരും ക്രിസ്തീയമതത്തിൻെറ അടിസ്ഥാന ഉപദേശങ്ങളിൽ ഒന്നാണിതെന്നു ഗണിച്ചിരുന്നു. ആദ്യ സഭാപിതാക്കന്മാരിൽ ചിലർ സാധാരണയായി ഈ ഉപദേശത്തിന്നനുകൂലമായി തങ്ങളുടെ പ്രസ്താവനകൾ ചെയ്തിട്ടുണ്ട്. പാപ്പിയസ്, ഐറേനിയസ്, തെർത്തുല്യൻ എന്നിവർ സഹസ്രാബ്ദവാദികളായിരുന്നു. പാപ്പിയാസാകട്ടെ, തൻെറ ഈ അഭിപ്രായം അപ്പോസ്തലപാരമ്പര്യത്തിൽപെട്ടതാണെന്നു വാദിച്ചു. എന്നാൽ റോമിലെ ക്ലെമൻറിൻെറയും അന്തിയോക്യയിലെ ഇഗ്നാത്യോസിൻെറയും ലേഖനങ്ങളിൽ ഒന്നും പറഞ്ഞിട്ടില്ല.

രണ്ടാംനൂററിണ്ടിലെ എഴുത്തുകാരനായ ജസ്ററിൻ മാർട്ടർ സഹസ്രാബ്ദവിശ്വാസിയായിരുന്നു. താൻ ഇങ്ങനെ എഴുതിയിരിക്കുന്നു: 'എൻെറയും എല്ലാ ക്രിസ്ത്യാനികളുടെയും വിശ്വാസം മുഴ

വൻ ശരിയാണ്. ശരീരപുനരുത്ഥാനവും ആയിരം ആണ്ട് യെരുശലേമിൽ ആയിരിക്കും എന്നതും അറിഞ്ഞുകൊള്ളുക. യെഹെസ്കേലും യെശയ്യാവും മററു പ്രവാചകന്മാരും പ്രസ്താവിച്ചിരിക്കുന്നതുപോലെ യെരുശലേം മനോഹരമായി വിപുലപ്പെടുത്തി പണിയപ്പെട്ടിരിക്കും......".

'എൻസൈക്ലോപീഡിയ ബ്രിട്ടാനിക്ക', 'എൻസൈക്ലോപീഡിയ ഓഫ് റിലിജൻ ആൻഡ് എത്തിക്സ്' മുതലായ പൊതുഗ്രന്ഥങ്ങളിലും ഈവിധം കാണുന്നുണ്ട്. എബിയോന്യർ 2—ാംനൂററാണ്ടിലും നസറായൻസ് 4—ാംനൂററാണ്ടിലും സെറിന്ത്യർ 1—ാം നൂററാണ്ടിന്റെ അവസാനം മുതലുള്ളവരും മൊണ്ടാന്യർ 2—ാം നൂററാണ്ടിന്റെ ഉത്തരാർദ്ധം മുതലുള്ളവരും ആണ്. പാപ്പിയസ് A.D. 80—163 വരെ ജീവിച്ചിരുന്ന ആളും എന്നു കണക്കാക്കപ്പെടുന്നു.

A.D. 200—ൽ മരിച്ച ഐറേനിയസ്, A.D. 96 ലോ 97 ലോ എഴുതപ്പെട്ട ക്ളെമന്തിന്റെ ഒന്നാംലേഖനം, A.D. 80—163 വരെ ജീവിച്ച പേപ്പിയസ്, അതേകാലത്തു ജീവിച്ച ജസ്ററിൻ മാർട്ടിൻ, A. D. 150—225 വരെ ജീവിച്ച തെർത്തുല്യൻ, A. D. 250—ൽ ഉത്തരാഫ്രിക്കയിൽ ബിഷപ്പായിരുന്ന കമ്മോഡിയാനസ്, A. D. 240—330 വരെ ജീവിച്ചിരുന്ന ലത്തീൻസഭാപിതാവെന്നറിയപ്പെടുന്ന ലാക്ടാനീയസ് മുതലായവർ സഹസ്രാബ്ദത്തെക്കുറിച്ച് എഴുതീട്ടുണ്ട്.

ഗ്രീക്കു നിഘണ്ടുക്കളിൽ ഈ പ്രയോഗം കാണുന്നുണ്ട്. സഭാചരിത്രങ്ങളിലും ഈ വിഷയം ആദ്യനൂററാണ്ടുകളിൽ പഠിപ്പിക്കപ്പെട്ടിരുന്നതായിപ്പറയുന്നു. ആകയാൽ ഈ വിഷയം ക്രിസ്തീയ അടിസ്ഥാന ഉപദേശങ്ങളിൽ ഉൾപ്പെട്ടതാണെന്നു സ്ഥിരമാക്കപ്പെടുന്നു. ആ ഒരു അനുഗ്രഹിക്കപ്പെട്ട കാലവും സഭയ്ക്കുകൂടെയുള്ളതാണെന്നും അതിന്നായി നാം പ്രത്യാശിക്കണമെന്നും ഓർപ്പിച്ചുകൊള്ളുന്നു.